II ഇ.ബി. XIII- കേരള നിയമസഭ/XIV-12

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 15, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

31 (*361) മെഡിക്കൽ കോളേജ് പ്രവേശനം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, സർക്കാർ മേഖലയിലെ എല്ലാ മെഡിക്കൽ കോളേജുകൾക്കും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഈ വർഷം സർക്കാർ മേഖലയിൽ 1250 സീറ്റുകളിലും സ്വാശ്രയ മേഖലയിൽ 1700 സീറ്റുകളിലും പ്രവേശനം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തിരുവനന്തപുരം ജനറൽ ആശുപത്രി, കോന്നി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിലും

സ്വാശ്രയ മേഖലയിലെ 6 മെഡിക്കൽ കോളേജുകളിലും പ്രവേശന നടപടികൾ ആരംഭിക്കുന്നതാണ്. സ്വാശ്രയ കോളേജുകളിലെ ഫീസ് ഘടന സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ധാരണയായിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലയളവിൽ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടേതുൾപ്പെടെ 1471 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് ആന്യുറ്റി മോഡലിൽ കൊച്ചിയിൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. സ്വാശ്രയ കോളേജുകളിൽ സംവരണ തത്വം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്. മെഡിക്കൽ കോളേജുകളിലെ സീനിയർ റെസിഡന്റുമാരുടെ ഫീസ് 50,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് മെച്ചപ്പെട്ട രീതിയിലുള്ള മെഡിക്കൽ

വിദ്യാഭ്യാസവും വിദഗ്ധ ചികിത്സയും ലഭ്യമാക്കുകയെന്നുള്ളത് സർക്കാരിന്റെ പരമപ്രധാനമായ കർത്തവ്യമായി കണ്ടുകൊണ്ട് അത്തരത്തിലുള്ള പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നതെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

32 (*362) <u>ഇതര സംസ്ഥാന തൊഴിലാളികൾ</u>

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>) നൽകിയ മറുപടിയിൽ, അന്യസംസ്ഥാന തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളിൽ കൂടുതലും പശ്ചിമ ബംഗാൾ, ബീഹാർ, ആസാം എന്നീ സംസ്ഥാനക്കാരാണെന്നും ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ലേബർ ക്യാമ്പ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്; സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ലേബർ ഡിപ്പാർട്ട്മെന്റിന്റെ സർവ്വേ പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് മിനിമം കൂലിയെക്കാൾ ഉയർന്ന നിരക്കിലുള്ള കൂലിയാണ് ലഭിച്ചുവരുന്നത്.

ഇതര സംസ്ഥാന തൊഴിലാളികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വിവിധ വകുപ്പുകളുടെ യോഗം ചേരുകയും റെയിൽവേ സ്റ്റേഷനുകളിൽ കിയോസ്കുകളും ലേബർ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈനും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പാക്കുന്ന കേരളാ മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് നടപ്പിലാക്കുന്ന കാര്യത്തിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇതര സംസ്ഥാന തൊഴിലാളികളുമായി സംവദിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്രിമിനൽ സ്വഭാവമുള്ളവരുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 3432 മുതൽ 3714 വരെയുള്ള ചോദ്യങ്ങളിൽ 9 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *